(ബി) എല്ലാ റോഡ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരും തങ്ങളുടെ സെക്ഷൻ ഓഫീസിന്റെ പരിധിയിൽവരുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തനം അറ്റകുറ്റപ്പണികൾ സംബന്ധിച്ചവിവരം എന്നിവ രേഖപ്പെടുത്തി കരാറുകാരൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഒപ്പോടുകൂടി ചീഫ് എഞ്ചിനീയർക്കും മന്ത്രിയുടെ ഓഫീസിലും ലഭ്യമാക്കുന്ന തരത്തിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഇപ്പോൾത്തന്നെ നടപ്പിലാക്കിയിട്ടുണ്ട്.

**ഫുട്പാത്തുകൾ കാൽനടയോഗ്യമാക്കുന്നതിന് നടപടി**

192 (642) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ റോഡുകളോടുചേർന്ന് കാൽനടയ്ക്കായുള്ള സ്ഥലങ്ങൾ മിക്കതും ഉപയോഗപ്രദമല്ലാതെ കുഴികളായി കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥലങ്ങളിൽ കാൽനടക്കാർ അപകടത്തിൽപ്പെടുന്നത് പതിവാണെന്നത് കണക്കിലെടുത്ത് ഫുട്പാത്തുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി കാൽനടയ്ക്ക് യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം നഗരവികസന പദ്ധതിയിലുൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് നവീകരിക്കുന്ന റോഡുകളിലെല്ലാംതന്നെ ഇരുവശങ്ങളിലും 1.5 മുതൽ 2 മീറ്റർവരെ വീതിയുള്ള ഫുട്പാത്ത് നിർമ്മിക്കുന്നതിനും ഫുട്പാത്തുകളിൽ പോളിമർകോട്ടഡ് ടൈലുകൾ പാകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രധാന റോഡുകളിലും ഫുട്പാത്തുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്തുവരുന്നു.

**റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ**

193 (643) ശ്രീ. സാജു പോൾ :
ശ്രീ. വി. ശശികുമാർ :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപണികൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) അറ്റകുറ്റപ്പണികൾക്കായി ഈ വർഷം എത്രകോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(സി) അറ്റകുറ്റപ്പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രസർക്കാർ എത്രകോടി രൂപ അനുവദിച്ചിട്ടുണ്ട് ; റോഡുകളുടെ അറ്റകുറ്റപ്പണികൾ നിശ്ചിത കാലയളവിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡുകളിലുണ്ടാകുന്ന കുഴികളും മറ്റും അടയ്ക്കുന്നതിന് അതാതു ദിവസംതന്നെ അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഇതുസംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് ചീഫ് എഞ്ചിനീയർക്ക് അയയ്ക്കുന്നതിനും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലവർഷക്കെടുതികളിൽ തകർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിട്ടറിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) നോൺ പ്ലാൻ ഫണ്ടിൽ 240 കോടി രൂപയും നാച്ചറൽ കലാമിറ്റി ഫണ്ടിൽ 133 കോടി രൂപയും ഉൾപ്പെടെ 373 കോടി രൂപ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മൊത്തം ചെലവുതുക തിട്ടപ്പെടുത്തിയിട്ടില്ല. ഇതുകൂടാതെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 718 കോടി രൂപ സർക്കാർ പദ്ധതി വിഹിതത്തിൽ അനുവദിച്ചിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്കുപുറമെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ജനപ്രതിനിധികളേയും ഉയർന്ന ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ച് ഉത്തരവാകുകയും പ്രവൃത്തികൾ സോഷ്യൽ ഓഡിറ്റിംഗിനു വിധേയമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്ഥിരം സംവിധാനമെന്നനിലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ പ്രവൃത്തിക്കുന്നുണ്ട്.

(ഡി)

(i) അറ്റകുറ്റപ്പണികൾക്കായി താഴെ പറയുന്ന തുകകൾ പല ഹെഡിലായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട് :

| | | |
|---|---|---|
| ഒ.ആർ. | - | 16.02 കോടി |
| എഫ്.ഡി.ആർ.(സി) | - | 2.26 " |
| എഫ്.ഡി.ആർ.(എൻ) | - | 10.00 " |
| പി.ആർ. | - | 34.12 " |

LIBRARY ARCHIVES Kerala Legislative Assembly

അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർത്തുവരുന്നു.

(ii) റോഡുകളുടെ അറ്റകുറ്റപ്പണികൾ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തലസ്ഥാന നഗരവികസന പദ്ധതി**

194 (644) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി ഏതെല്ലാം റോഡുകളുടെ നവീകരണമാണ് സംസ്ഥാന റോഡ് ഫണ്ട് ബോർഡും പൊതുമരാമത്ത് വകുപ്പും ഏറ്റെടുത്തിട്ടുള്ളത് ;

(ബി) ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്നാണ് തുടങ്ങിയത് ;

(സി) ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാം ;

(ഇ) രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചോ ; രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(എഫ്) മൂന്നാംഘട്ട പ്രവർത്തനങ്ങളിൽ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ജി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) റോഡുകളുടെ പട്ടിക അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു*

(ബി) 2004 ജൂൺ മാസത്തിൽ ആരംഭിച്ചു.

(സി) ഒന്നാംഘട്ടത്തിൽ 14.265 കി.മീ. റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി.

(ഡി) മൊത്തം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലെ കാലതാമസവും ഏറ്റെടുത്ത സ്ഥലങ്ങളിലെ ജലവിതരണക്കുഴലുകൾ, വൈദ്യുത ലൈനുകൾ, കേബിളുകൾ തുടങ്ങിയവ മാറ്റാനുള്ള താമസവുമാണ് നിശ്ചിത സമയത്തിനുള്ളിൽ പണികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനുള്ള മുഖ്യകാരണങ്ങൾ.

(ഇ) രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(എഫ്) വിശദാംശം അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly